# മുസ്നദുൽ ഹുമൈദി



**പ്രഗത്ഭനായ** പൗരാണികപണ്ഡിതനാണ് ഹാഫിള് അബൂബക്ർ അബ്ദുല്ലാഹിബ്നു ഹുസൈൻ അൽഹുമൈദി. ഹി. 219-ലാണ് അദ്ദേഹം മരണപ്പെട്ടത്. ഇമാം ബുഖാരിയുടെ ഗുരു(ശൈഖ്)ആണ് ഹുമൈദി. അദ്ദേഹത്തിന്റെ ഹദീസ് സമാഹാരമാണ് *മുസ്നദുൽഹുമൈദി.* മക്കയിൽവെച്ച് രചിക്കപ്പെട്ട മുസ്നദുകളിൽ ആദ്യത്തേതാണിത്, ഹദീസിലെ ഏറ്റവും അടിസ്ഥാനഗ്രന്ഥവും. പിൽകാലത്തുവന്ന ഹദീസ് പണ്ഡിതന്മാർ തങ്ങളുടെ രചനകൾക്ക് ആധാരമാക്കിയതും മുസ്നദുൽ ഹുമൈദി തന്നെ.

വളരെ വലുതല്ലാത്ത മുസ്നദിൽ 1300 ഹദീസുകളാണുള്ളത്. നിവേദകരായ സ്വഹാബിമാരുടെ പേരുകളുടെ ക്രമത്തിലാണ് ഹദീസുകൾ ക്രോഡീകരിച്ചിട്ടുള്ളത്. അക്ഷരമാലാ ക്രമത്തിലല്ല, സ്വഹാബിമാരിലെ പ്രഥമഗണനീയരെ പരിഗണിച്ചുകൊണ്ടാണ് ക്രമം നൽകിയിട്ടുള്ളത്. ആദ്യം വരുന്നത് നാലു ഖലീഫമാരാണ്. പിന്നീട് സ്വർഗസുവിശേഷം ലഭിച്ച ശേഷിക്കുന്ന സ്വഹാബിമാരുടെ ഹദീസുകൾ. പിന്നീട് പ്രാധാന്യ ക്രമമനുസരിച്ച് 180 സ്വഹാബിമാരുടെ ഹദീസുകൾ ചേർത്തിരിക്കുന്നു. ത്വൽഹത്വുബ്നു ഉബൈദില്ലയുടെ ഹദീസ് മാത്രമില്ല. ഹുമൈദിക്ക് ത്വൽഹ(റ) നിവേദനം ചെയ്ത ഹദീസ് ലഭിച്ചിട്ടില്ല.

മുസ്നദ് ഹുമൈദി ആദ്യമായി അച്ചടിക്കപ്പെട്ടത് പാകിസ്താനിലാണ്. ഹി. 1382-83 ലായിരുന്നു ഇത്. അതിന്റെ സംശോധന നടത്തിയതും അനുബന്ധമെഴുതിയതും ഹബീബുർറഹ്മാൻ അഅ്ളമിയാണ്. വിഷയാധിഷ്ഠിതമായും സ്വഹാബിമാരുടെ നാമക്രമമനുസരിച്ചും ഹദീസുകളിലെ വാക്കുകളുടെ അക്ഷരമാലാ ക്രമത്തിലുമൊക്കെയുള്ള ഇൻഡക്സുകൾ മുസ്നദിന് പണ്ഡിതന്മാർ തയ്യാറാക്കിയിട്ടുണ്ട്. അവയിലൊന്നാണ് ലബ്നാനിലെ ദാറുന്നൂറിൽ ഇസ്ലാമി പ്രസിദ്ധീകരിച്ച യൂസുഫ് അബ്ദുർറഹ്മാൻ മർഅശീലിയുടെ ഇൻഡക്സ്.